**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3289** 10.12.2018-ലെ മറുപടിക്ക്

**"പയ്യന്നൂർ മണ്ഡലത്തിലെ മിച്ചഭൂമി പ്രശ്നങ്ങൾ"**

**ചോദ്യം**
**ശ്രീ. സി.കൃഷ്ണൻ**

**മറുപടി**
**ശ്രീ. ഇ.ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | |
|---|---|
| ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പയ്യന്നൂർ മണ്ഡലത്തിലെ മിച്ചഭൂമിയുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | പയ്യന്നൂർ നിയോജകമണ്ഡലത്തിലെ എരമം, ആലപ്പടമ്പ, വെള്ളൂർ, പെരിങ്ങോം, കുറ്റൂർ, പെരിന്തട്ട, വെള്ളോറ എന്നീ വില്ലേജുകളിലെ ഭൂമി സംബന്ധമായ വിഷയങ്ങളിൽ സ്വീകരിച്ച നടപടികളെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>**1) എരമം വില്ലേജ്**<br>എരമം വില്ലേജിൽ താമസിക്കുന്ന ധാരാളം കുടുംബങ്ങൾക്ക് പട്ടയം ലഭിക്കാതെയും കൈവശക്കാരിൽ നിന്നും ഭൂനികുതി സ്വീകരിക്കാത്തതുമായ പ്രശ്നങ്ങൾ നിലനിൽക്കുകയും 25 വർഷത്തിലധികമായി മിച്ചഭൂമിയിൽ കൈയ്യേറി താമസിച്ചു വരുന്നവരുമാണ്. പ്രസ്തുത താമസക്കാർക്ക് പട്ടയം നൽകുന്നതിനും അവരിൽ നിന്നും ഭൂനികുതി സ്വീകരിക്കുന്നതുമായ ഭൂപ്രശ്നമാണ് നിലനിന്നിരുന്നത്. എരമം വില്ലേജിലെ ഭൂമി പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി ഒരു സർവ്വെ ടീമിനെ നിയമിക്കുകയും എരമം വില്ലേജിലെ 70/1 എ, 70/1 എ 3, 70/1 എ 5 എന്നീ സർവ്വെ നമ്പരുകളിൽപ്പെട്ട കൈവശക്കാർക്ക് നിലവിൽ ലഭ്യമായ മിച്ചഭൂമി സ്കെച്ചിന്റെ അടിസ്ഥാനത്തിൽ സർവ്വെ ചെയ്തതനുസരിച്ച് മിച്ചഭൂമിയിൽ ഉൾപ്പെട്ടിട്ടില്ലായെന്ന് കണ്ടെത്തിയിട്ടുള്ളതിനാൽ കൈവശരേഖ പരിശോധിച്ചതിൽ അർഹരായവരിൽ നിന്നും ഭൂനികുതി സ്വീകരിച്ചിട്ടുള്ളതും കൈവശാവകാശ സർട്ടിഫിക്കറ്റ് ഉൾപ്പെടെ അനുവദിച്ചിട്ടുള്ളതുമാണ്. എരമം വില്ലേജിലെ ഭൂനികുതി സ്വീകരിക്കാത്തതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളുടെ സാധൂകരണത്തിനുള്ള തുടർ നടപടി സ്വീകരിച്ചു വരുന്നു.<br>**2) ആലപ്പടമ്പ വില്ലേജ്**<br>കൈവശ ഭൂമിയിൽ വീട് വെച്ച് അനുഭവങ്ങൾ ഉണ്ടാക്കി കൈവശം വെച്ചിരുന്ന ഭൂരിഭാഗം പേർക്കും പട്ടയങ്ങളും ആധാരങ്ങളും ഉള്ളവരാണ്. 1995 വരെ ഭൂനികുതി സ്വീകരിക്കുകയും റീ സർവ്വെ റിക്കാർഡുകൾ നിലവിൽ വന്നതിനുശേഷം മിച്ചഭൂമിയിൽ ഉൾപ്പെട്ടുവരുന്നതിനാൽ ഭൂനികുതി |

സ്വീകരിക്കാത്ത കേസ്സുകളാണ് നിലനിന്നിരുന്നത്. ആലപ്പടമ്പ വില്ലേജിലെ റീ സർവ്വെ 46/1, 2/1, 17 എന്നീ സർവ്വെ നമ്പരുകളിൽ ഉൾപ്പെടുന്ന വെളിച്ചംതോട് കോളനിയിലെ കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 96 പ്രകാരം യോഗ്യരായ 62 പേർക്ക് പട്ടയം അനുവദിച്ചിട്ടുണ്ട്. ആലപ്പടമ്പ വില്ലേജിൽ പതിച്ച് നൽകാതെ നിർത്തിയിരിക്കുന്ന 5 പ്ലോട്ടുകളുടെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നതിന് തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**3) <u>വെള്ളൂർ വില്ലേജ്</u>**

വെള്ളൂർ വില്ലേജിൽ ഭൂമി കൈവശം വെച്ച് താമസിച്ചുവരുന്ന കുടുംബങ്ങൾക്ക് കൈവശ രേഖയോ, പട്ടയമോ ലഭിച്ചിട്ടില്ലാത്തതാണ്. ആയതിനാൽ വെള്ളൂർ വില്ലേജിലെ റീ സർവ്വെ 109/ൽപ്പെട്ട ഭൂമി സർവ്വെ ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ റീ സർവ്വെ 109/ൽപ്പെട്ട 50 സെന്റ് മിച്ചഭൂമിയിൽ 2 കൈവശക്കാർക്ക് പട്ടയം അനുവദിച്ചിട്ടുണ്ട്. 3 കൈവശക്കാർക്ക് ഡീഡ് അനുവദിക്കുന്നത് സംബന്ധിച്ച നടപടി സ്വീകരിച്ച് വരുന്നു.

**4) <u>പെരിങ്ങോം വില്ലേജ്</u>**

പെരിങ്ങോം വില്ലേജിലെ കൈവശക്കാരിൽ നിന്നും 1996 മുതൽ നികുതി സ്വീകരിക്കുന്നില്ലായെന്നും കൈവശരേഖകൾ അനുവദിക്കുന്നില്ലായെന്നുമുള്ള ഭൂപ്രശ്നമാണ് നിലനിന്നിരുന്നത്. ചിറ്റടി കോളനിയിൽ കാരയിൽ ചിരുകണ്ടൻ എന്നവരിൽ നിന്നും ഏറ്റെടുത്ത മിച്ചഭൂമിയിൽ അനധികൃതമായി താമസിക്കുന്ന കുടുംബങ്ങൾക്ക് ഭൂമി പതിച്ച് നൽകുന്നതിന് തുടർനടപടി സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ പെരിങ്ങോം വില്ലേജിലെ ചിറ്റടി കോളനിയിൽപ്പെട്ട 8 പേർക്ക് ഭൂപരിഷ്കരണ നിയമം സെക്ഷൻ 96 ന് വിധേയമായി പട്ടയം അനുവദിച്ചിട്ടുണ്ട്.

**5) <u>കുറ്റൂർ വില്ലേജ്</u>**

കുറ്റൂർ വില്ലേജിലെ നിരവധി കൈവശക്കാരിൽ നിന്നും 1998-ന് ശേഷം ഭൂനികുതി സ്വീകരിക്കുന്നില്ല എന്ന പ്രശ്നമാണ് നിലനിന്നിരുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ ഒരു സർവ്വെ ടീമിനെ നിയമിക്കുകയും സർവ്വെ ചെയ്തതിന്റെ അടിസ്ഥാനത്തിൽ മിച്ചഭൂമി അല്ല എന്ന് കണ്ടെത്തിയ 6 കേസ്സുകളിൽ നികുതി സ്വീകരിച്ചിട്ടുള്ളതുമാണ്. 77/1 എ, 77/1 എ 3 എന്നീ സർവ്വെ നമ്പരുകളിൽപ്പെട്ടതും നേരത്തെ ഓഫർ ഓഫ് അസൈൻമെന്റ് അനുവദിച്ചിട്ടുള്ള 11 പേർക്ക് ഡീഡ് ഓഫ് അസൈൻമെന്റ് അനുവദിച്ചിട്ടുള്ളതാണ്.

**6) <u>പെരിന്തട്ട വില്ലേജ്</u>**

പെരിന്തട്ട വില്ലേജിൽ ധാരാളം കുടുംബങ്ങൾക്ക് പട്ടയം ലഭിക്കാത്ത പ്രശ്നമാണ് നിലനിന്നിരുന്നത്.

റീ സർവ്വെ 14/3 ൽ മിച്ചഭൂമി പതിച്ചു നൽകിയവർക്ക് അളന്ന് നൽകുന്നതുമായി ബന്ധപ്പെട്ട നടപടികൾ സർവ്വെ ടീമിനെ ഉപയോഗപ്പെടുത്തി ആരംഭിച്ചിരുന്നതാണ്. എന്നാൽ ടി സ്ഥലത്ത് ശ്രീ.പ്രസാദ് ഉണോളി എന്നവർ ഫയൽ ചെയ്ത ഡബ്ല്യൂ.പി.(സി) 15729/17 നമ്പർ കേസ്സിൽ സ്റ്റേ നിലവിലുള്ളതിനാൽ തുടർ നടപടികൾ ബഹു.ഹൈക്കോടതി നിർത്തിവെച്ച് ഉത്തരവായിട്ടുള്ളതും ഇക്കാര്യത്തിൽ കാര്യവിവര പത്രിക ബഹു.ഹൈക്കോടതിയിൽ ഇതിനോടകം തന്നെ സമർപ്പിച്ചിട്ടുള്ളതുമാണ്.

**7) <u>വെള്ളോറ വില്ലേജ്</u>**

വെള്ളോറ വില്ലേജിൽ കൈവശഭൂമിയ്ക്ക് രേഖയും പട്ടയവും ഉള്ള കുടുംബങ്ങളിൽ നിന്നും 1984 ന് ശേഷം നികുതി സ്വീകരിക്കുന്നില്ലായെന്നും കൈവശരേഖയും പട്ടയവും ലഭിച്ചിട്ടില്ലായെന്ന പ്രശ്നവുമാണ് നിലനിന്നിരുന്നത്. വെള്ളോറ വില്ലേജിലെ ഭൂമി സർവ്വെ ചെയ്യുന്നതിനായി സർവ്വേയർമാരെ നിയമിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഭൂപരിഷ്കരണ നിയമം സെക്ഷൻ 96-ന് വിധേയമായി ഓഫർ ഓഫ് അസൈൻമെന്റ് അനുവദിച്ചിട്ടുള്ളതും കൈവശക്കാർക്ക് പട്ടയം അനുവദിക്കുന്ന നടപടികൾ അന്തിമഘട്ടത്തിൽ ആണ് എന്നും 53 പേർക്ക് 24/12/2018-ന് നടക്കുന്ന പട്ടയമേളയിൽ ഡീഡ് ഓഫ് അസൈൻമെന്റ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

ഭൂപരിഷ്കരണ നിയമം സെക്ഷൻ 7 ഇ, സെക്ഷൻ 85(8) ബാധകമാക്കേണ്ട കേസ്സുകളിൽ ലാൻഡ് ട്രിബ്യൂണൽ/ലാൻഡ് ബോർഡിനെ സമീപിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**